കെ.ടിയുടെ പ്രസ്ഥാന യാത്രകൾ - 12



കെ.ടി അബ്ദുർറഹീം

സദ്റുദ്ദീൻ വാഴക്കാട്

# മദീനാ മസ്ജിദിലെ ഖുത്ബകൾ

**ഇവിടെ ജമാഅത്തിനോ മുജാഹിദിനോ മഹല്ല് സംവിധാനമില്ല. ടൗണിൽ പള്ളികളും അവയിൽ നമസ്കാരവും ജുമുഅയുമൊക്കെ ഉള്ളതുകൊണ്ടു മാത്രം അവ മഹല്ലുകളാകില്ല. ഭരണകൂടമില്ലാത്ത സ്ഥിതിക്ക് പെരുന്നാൾ തീരുമാനിക്കേണ്ടത് മഹല്ല് ഖാദിമാരാണ്. ഇവിടെ മഹല്ല് ഖാദിമാരുള്ളത് സുന്നികൾക്കാണ്. ആ മഹല്ല് ഖാദിമാരുടെ തീരുമാനമാണ് നാം പെരുന്നാൾ വിഷയത്തിൽ അംഗീകരിക്കേണ്ടത്. അതനുസരിച്ച് നമ്മൾ മഹല്ല് ഖാദിമാർ പ്രഖ്യാപിച്ച ദിവസം, മഹല്ല് നിവാസികളോടൊപ്പം പെരുന്നാൾ ആഘോഷിക്കാൻ തീരുമാനിച്ചു.**

**എറണാകുളം** പുല്ലേപ്പടിയിൽ മുജാഹിദ് പ്രവർത്തകരുടെ നിയന്ത്രണത്തിലുള്ള ഒരു പള്ളിയുണ്ട്. പുളിക്കൽ സ്വദേശിയായ പി.വി കുഞ്ഞിമൊയ്തീൻ മൗലവിയായിരുന്നു അവിടെ ദീർഘകാലം ഖത്വീബ്. ജമാഅത്ത് പ്രവർത്തകനായിരുന്ന അദ്ദേഹം അറബിക്കവിയായിരുന്ന പി.വി മുഹമ്മദ് മൗലവിയുടെ സഹോദരനാണ്. ജമാഅത്തംഗമായിരുന്ന കുഞ്ഞിമൊയ്തീൻ മൗലവി വലിയ ത്യാഗിവര്യനായിരുന്നു. ഹാജി സാഹിബിന്റെ കാലത്തുതന്നെ ജമാഅത്തിലെത്തിയ മൗലവി പണ്ഡിതനും പ്രസംഗകനുമായിരുന്നു; ആരെയും പിടിച്ചിരുത്താൻ കഴിവുള്ള പ്രസംഗകൻ. എട്ടു വർഷത്തോളം പുല്ലേപ്പടി പള്ളിയിൽ ഖത്വീബായിരുന്ന മൗലവിയാണ് എറണാകുളത്തെ ചലിപ്പിച്ച ജമാഅത്ത് പ്രവർത്തകൻ. എറണാകുളം പട്ടണത്തിൽ ജമാഅത്തിന്റെ ശബ്ദം കേൾപ്പിച്ചതിലും പ്രവർത്തകരെ ഉണ്ടാക്കിയതിലും അദ്ദേഹത്തിന്റെ പങ്ക് പ്രധാനമാണ്. ഇസ്‌ലാമിക് സെന്ററിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

എറണാകുളം കലക്ടറേറ്റിനടുത്ത പള്ളിയിലാണ് ഇസ്‌ലാമിക് സെന്ററിന്റെ ഡയറക്ടറായി ചുമതലയേറ്റ ഞാൻ ആദ്യം ഖുത്ബ നടത്തിയിരുന്നത്. ധാരാളം ആളുകൾ ഖുത്ബ കേൾക്കാൻ വരാറുണ്ടായിരുന്നു. എഞ്ചിനീയർ ഇസ്മാഈൽ സാഹിബ്, ഇ.കെ അബ്ദുൽഖാദിർ സാഹിബുമൊക്കെ അവരിലുണ്ടായിരുന്നു. എറണാകുളത്തെ പൗര പ്രമുഖനായ അബ്ദുൽഖാദിർ സാഹിബ്, ജമാഅത്തിനോട് വലിയ സ്നേഹവും മതിപ്പും ഉള്ള ആളാണ്. എം.ഇ.എസ് പ്രവർത്തകനാണ് അദ്ദേഹമെങ്കിലും ജമാഅത്ത് മനഃസ്ഥിതിക്കാരനാണ്. പല വിഷയങ്ങളിലും ജമാഅത്തിന്റെ കൂടെയാണ് അദ്ദേഹം നിലകൊള്ളുന്നത്.

### മദീനാ മസ്ജിദിലെ ഖുത്ബകൾ

1985ൽ മദീനാ മസ്ജിദ് നിർമിക്കുകയും എന്നെ അവിടെ ഖത്വീബായി നിശ്ച

യിക്കുകയും ചെയ്തു. പി.വിയെയായിരുന്നു ഇമാമായി തീരുമാനിച്ചത്. ഞാൻ പറഞ്ഞു: കുഞ്ഞിമൊയ്തീൻ മൗലവിയാണ് മദീനാ മസ്ജിദിലെ ഖത്വീബ്. ഞാൻ അദ്ദേഹത്തിന്റെ അസിസ്റ്റന്റായി നിന്ന് ഖുത്വ്ബ നടത്തിക്കൊള്ളാം. അങ്ങനെയാണ് ഞാൻ എറണാകുളം മദീനാ മസ്ജിദിലെ ഖത്വീബായത്.

ഇബ്റാഹീം സുലൈമാൻ സേട്ട് സാഹിബായിരുന്നു മദീനാ മസ്ജിദ് ഉദ്ഘാടനം ചെയ്തത്. ഒരു വ്യാഴാഴ്ച അസ്ർ നമസ്കാരത്തിന് നേതൃത്വം നൽകികൊണ്ടാണദ്ദേഹം ഉദ്ഘാടനം നിർവഹിച്ചത്. അടുത്ത ദിവസം തന്നെ അവിടെ ഞാൻ ഖുത്വ്ബ ആരംഭിക്കുകയും ചെയ്തു. അഞ്ചുവർഷക്കാലം തുടർച്ചയായി മദീനാ മസ്ജിദിൽ ഖുത്വ്ബ നടത്തി. പല തലങ്ങളിലുള്ള നിരവധി പേർ ഖുത്വ്ബ കേൾക്കാൻ വരാറുണ്ടായിരുന്നു. കോടതി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവൺമെന്റ് ഓഫീസുകൾ, വൻകിട ബിസിനസ് സ്ഥാപനങ്ങൾ തുടങ്ങിയവ സമീപത്തുണ്ടായിരുന്നതിനാൽ ജഡ്ജിമാർ, വക്കീലന്മാർ, കലക്ടറേറ്റ് ഉദ്യോഗസ്ഥർ, പ്രഫസർമാർ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങി പ്രമുഖരായ പലരും അവിടെ ഖുത്വ്ബക്ക് വരാറുണ്ടായിരുന്നു.

എറണാകുളത്ത് അക്കാലത്ത് ഒരു ഈദ്ഗാഹേ നടക്കാറുണ്ടായിരുന്നുള്ളൂ. പുല്ലേപ്പടി പള്ളിയുടെ മൈതാനത്ത് മുജാഹിദുകാരുടെ നേതൃത്വത്തിലാണത് നടക്കാറുള്ളത്. മദീനാ മസ്ജിദിൽ പെരുന്നാൾ നമസ്കാരം നടത്താറില്ലായിരുന്നു. അക്കാലത്തൊരിക്കൽ പെരുന്നാൾ രണ്ടായി. ഹിലാൽ കമ്മിറ്റി പെരുന്നാൾ പ്രഖ്യാപിച്ചു. സുന്നികൾ അന്ന് പെരുന്നാൾ പ്രഖ്യാപിച്ചില്ല. മഹല്ല് ഖാദിമാർ ഹിലാൽ കമ്മിറ്റി തീരുമാനിച്ച ദിവസം പെരുന്നാൾ പ്രഖ്യാപിച്ചില്ല. കൊച്ചിയിൽ ഈദ്ഗാഹ് നടത്താൻ തീരുമാനിച്ചിരുന്നതിനാൽ ഞാൻ അവിടെ എത്തിയിരുന്നു. പെരുന്നാൾ രണ്ടായതോടെ ജമാഅത്ത് പ്രവർത്തകർ ആശയക്കുഴപ്പത്തിലായി. എന്തു ചെയ്യണം, എന്ന് പെരുന്നാൾ ആഘോഷിക്കണം എന്ന ചർച്ച വന്നു. ഞാൻ പറഞ്ഞു: ''ഇവിടെ ജമാഅത്തിനോ മുജാഹിദിനോ മഹല്ല് സംവിധാനമില്ല. ടൗണിൽ പള്ളികളും അവയിൽ നമസ്കാരവും ജുമുഅയുമൊക്കെ ഉള്ളതുകൊണ്ടു മാത്രം അവ മഹല്ലുകളാകില്ല. ഭരണകൂടമില്ലാത്ത സ്ഥിതിക്ക് പെരുന്നാൾ തീരുമാനിക്കേണ്ടത് മഹല്ല് ഖാദിമാരാണ്. ഇവിടെ മഹല്ല് ഖാദിമാരുള്ളത് സുന്നികൾക്കാണ്. ആ മഹല്ല് ഖാദിമാരുടെ തീരുമാനമാണ് നാം പെരുന്നാൾ വിഷയത്തിൽ അംഗീകരിക്കേണ്ടത്.'' അതനുസരിച്ച് നമ്മൾ മഹല്ല് ഖാദിമാർ പ്രഖ്യാപിച്ച ദിവസം, മഹല്ല് നിവാസികളോടൊപ്പം പെരുന്നാൾ ആഘോഷിക്കാൻ തീരുമാനിച്ചു. അപ്പോൾ ഖുത്വ്ബയുടെ പ്രശ്നം വന്നു. കൊച്ചിയിൽ തലേദിവസം മുജാഹിദുകാർ ഈദ്ഗാഹ് നടത്തിയിരുന്നു. ''ഒരേ സ്ഥലത്ത് രണ്ടു ദിവസങ്ങളിലായി രണ്ട് വിഭാഗങ്ങൾ രണ്ട് ഈദ്ഗാഹ് നടത്തുന്നത് ശരിയല്ല. ഇവിടത്തെ അമുസ്‌ലിം സമൂഹത്തിന് മുന്നിൽ ഇസ്‌ലാമിനെ ചെറുതാക്കലും പരിഹാസപാത്രമാക്കലുമാണത്. നമുക്ക് സംഘടനയല്ല ഇസ്‌ലാമാണ് വലുത്. അതുകൊണ്ട് ഈദ്ഗാഹ് വേണ്ട. പള്ളിയിൽ വെച്ച് പെരുന്നാൾ നമസ്കാരം നടത്താം'' ഞാൻ പറഞ്ഞു.

അതനുസരിച്ച് ഈദ് നമസ്കാരവും ഖുത്വ്ബയും കൊച്ചിയിലെ പള്ളിയിൽ ഞാൻ നടത്തി. ഖുത്വ്ബയിൽ ഭിന്നിപ്പിനെയും അതിന്റെ ഭവിഷ്യത്തിനെയും കുറിച്ച് പറഞ്ഞു. മൂസാ-ഹാറൂൻ നബി (അ)മാരുടെ സംഭവം വിശദീകരിച്ചു. ''ബനൂ ഇസ്രാഈല്യരെ ഹാറൂൻ നബിയെ ഏൽപിച്ച് മൂസാ നബി തൗറാത്ത് വാങ്ങാൻ പോയി. ബനൂ ഇസ്രാഈല്യർ ആ സമയത്ത് പശുക്കുട്ടിയെ പൂജിക്കാൻ തുടങ്ങി. മൂസാ നബി തിരിച്ചുവരുമ്പോൾ കാണുന്നത്, ഹാറൂൻ നബിയുടെ സാന്നിധ്യത്തിൽ അവർ പശുക്കുട്ടിയെ പൂജിക്കുന്നതാണ്. മൂസാ നബി രോഷാകുലനായി ഹാറൂൻ നബിയോട് അത് തടയാഞ്ഞതെന്തേ എന്ന് ചോദിച്ചു.



പി.വി കുഞ്ഞിമൊയ്തീൻ മൗലവി

'ബനൂ ഇസ്രാഈല്യർക്കിടയിൽ നീ ഭിന്നിപ്പുണ്ടാക്കിയില്ലേ' എന്ന് ചോദിക്കുമെന്ന് ഭയന്നാണ് ഞാനത് ചെയ്യാതിരുന്നത്' എന്നായിരുന്നു ഹാറൂൻ നബിയുടെ മറുപടി.

പശുക്കുട്ടിയെ പൂജിക്കുകയെന്ന പച്ചയായ ശിർക്കാണ് അവിടെ നടന്നത്. ആ ശിർക്കിൽനിന്ന് അവരെ പിന്തിരിപ്പിക്കാൻ യുക്തിപൂർവം ഹാറൂൻ നബി സദുപദേശം നടത്തി. പക്ഷേ, ശക്തി പ്രയോഗിച്ച് അത് തടയാൻ ശ്രമിച്ചില്ല. ഭിന്നിപ്പ് ഭയന്നതുകൊണ്ട്, ശിർക്കിനെതിരായ ബലപ്രയോഗം നടത്തിയില്ല ഹാറൂൻ നബി (അ). ഇത് വലിയൊരു ചരിത്ര പാഠമാണ്. മൂസാ മടങ്ങിവരുന്നതുവരെ നമുക്ക് പശുക്കുട്ടിയെ പൂജിക്കാം എന്നാണവർ പറഞ്ഞിരുന്നത്. മൂസാ മടങ്ങിവരുന്നത് കാത്തുനിൽക്കാതെ ബലം പ്രയോഗിച്ച് അത് തടഞ്ഞാൽ അവിടെ ശത്രുതയും ഭിന്നിപ്പും ഉണ്ടാകും. ശത്രുത ഉടലെടുത്തു കഴിഞ്ഞാൽ പിന്നെ മൂസാ നബി പറഞ്ഞാലും അവർ കേൾക്കില്ല. അതുകൊണ്ട് ശത്രുതയുണ്ടാകാതെ പ്രശ്നം പരിഹരിക്കാനാണ് നോക്കേണ്ടത്. ഭിന്നിപ്പിനെ നാം മറ്റെന്തിനേക്കാളുമേറെ ഭയപ്പെടണം. മുസ്‌ലിം സമൂഹത്തിൽ പെരുന്നാളിന്റെയും മറ്റും പേരിൽ ഭിന്നിപ്പുണ്ടാക്കരുത്. അത് വിനാശകരമാണ്. അഥവാ ഭിന്നിപ്പ് സംഭവിച്ചുപോയാൽ തന്നെ ഇതര മതവിഭാഗങ്ങൾ അത് അറിയാതിരിക്കാനെങ്കിലും ശ്രമിക്കണം'- എന്ന് ഞാൻ ഖുത്വ്ബയിൽ പറഞ്ഞു. ഈ ഖുത്വ്ബക്കെതിരെ മുജാഹിദുകാർ നോട്ടീസുകളിറക്കി. 'മദീനാ മസ്ജിദിന്റെ മിമ്പറിൽ കെ.ടി അ

**ഭിന്നിപ്പ് ഭയന്നതുകൊണ്ട്, ശിർക്കിനെതിരായ ബലപ്രയോഗം നടത്തിയില്ല ഹാറൂൻ നബി(അ). ഇത് വലിയൊരു ചരിത്ര പാഠമാണ്. മൂസാ മടങ്ങിവരുന്നതുവരെ നമുക്ക് പശുക്കുട്ടിയെ പൂജിക്കാം എന്നാണവർ പറഞ്ഞിരുന്നത്. മൂസാ മടങ്ങിവരുന്നത് കാത്തുനിൽക്കാതെ ബലം പ്രയോഗിച്ച് അത് തടഞ്ഞാൽ അവിടെ ശത്രുതയും ഭിന്നിപ്പും ഉണ്ടാകും. ശത്രുത ഉടലെടുത്തു കഴിഞ്ഞാൽ പിന്നെ മൂസാ നബി പറഞ്ഞാലും അവർ കേൾക്കില്ല. അതുകൊണ്ട് ശത്രുതയുണ്ടാകാതെ പ്രശ്നം പരിഹരിക്കാനാണ് നോക്കേണ്ടത്.**

ബ്ദുർറഹീം വിഷം ചീറ്റുന്നു' എന്നൊക്കെ അതിൽ എഴുതിയിരുന്നു. അവക്കൊന്നും ഞാൻ മറുപടി പറഞ്ഞില്ല. ജനങ്ങളിൽ തെറ്റിദ്ധാരണയുണ്ടാകാതിരിക്കാൻ ചെറിയൊരു വിശദീകരണം മാത്രം നൽകി. ശേഷം ഞാൻ പറഞ്ഞു: "ഇനി ഈ വിഷയത്തിൽ എത്രനോട്ടീസ് ഇറക്കിയാലും ഞാൻ അതിനോട് പ്രതികരിക്കില്ല. അതിന് ഉപയോഗിക്കുന്ന പണം ഇസ്‌ലാമിനും ജനങ്ങൾക്കും ഗുണം കിട്ടുന്ന കാര്യങ്ങൾക്ക് വിനിയോഗിക്കുകയാണ് നല്ലത്' -അങ്ങനെ അത് അവസാനിപ്പിച്ചു.

### ഖാദിയാനികളോട്

എറണാകുളത്തിനടുത്ത് വാഴക്കാലയിൽ കുറച്ച് ഖാദിയാനികളുണ്ടായിരുന്നു. നമ്മുടെ ചില പ്രസംഗകർ അവിടെ ക്ലാസ്സെടുക്കാൻ പോയി. അതിൽ പങ്കെടുത്ത ഖാദിയാനികൾ ചോദ്യങ്ങൾ ചോദിച്ച് പ്രസംഗകരെ പ്രയാസപ്പെടുത്തി. അങ്ങനെയാണ് ഞാനവിടെ ക്ലാസ്സെടുക്കാൻ ചെന്നത്. കുറച്ച് ഖാദിയാനികളേ ക്ലാസ് കേൾക്കാൻ വന്നിരുന്നുള്ളൂ. അതുകൊണ്ട് അന്ന് ഞാൻ അധികമൊന്നും പറഞ്ഞില്ല. അവരുടെ വാദങ്ങൾക്ക് മുമ്പിൽ കുറേയൊക്കെ തോറ്റുകൊടുക്കുകയും ചെയ്തു. അടുത്ത ആഴ്ച വീണ്ടും ക്ലാസ് വെച്ചു. മുമ്പത്തേതുപോലെയാകുമെന്ന് കരുതി നമ്മെ പരാജയപ്പെടുത്താമെന്ന പ്രതീക്ഷയോടെ ഖാദിയാനികൾ അവരുടെ അനുഭാവികളെ നമ്മുടെ ക്ലാസ്സിലേക്ക് ക്ഷണിച്ചുകൊണ്ടുവന്നു. അന്നത്തെ ക്ലാസ്സിൽ ഖാദിയാനിസത്തിന്റെ പൊള്ളത്തരങ്ങൾ തെളിവുകൾ നിരത്തി വിശദീകരിച്ചു. ചർച്ചയും നടന്നു. കടുംപിടുത്തക്കാരല്ലാത്ത പലർക്കും സത്യം മനസ്സിലാക്കാൻ അതുവഴി സാധിച്ചു.

### യാത്രയയപ്പ്

1990-ൽ എറണാകുളത്തുനിന്ന് ഞാൻ മലപ്പുറത്തേക്ക് മാറാൻ തീരുമാനിച്ചു. ജമാഅത്ത് ശൂറയുടെ തീരുമാനമനുസരിച്ച് മലപ്പുറം മേഖലയുടെ നാസിമായി പ്രവർത്തിക്കാനായിരുന്നു ആ മാറ്റം. അതോടനുബന്ധിച്ച് എറണാകുളത്തെ പ്രവർത്തകരും സഹകാരികളുമെല്ലാം ചേർന്ന് എനിക്ക് ഒരു യാത്രയയപ്പ് നൽകാൻ തീരുമാനിച്ചു. 'കെ.ടി' സമ്മതിക്കില്ലെന്ന് ഹാഷിം ഹാജി പറഞ്ഞു. പക്ഷേ, യോഗത്തിന്റെ അധ്യക്ഷനായി അവർ തീരുമാനിച്ചത് ഡോ. മുഹ്‌യുദ്ദീൻ ആലുവായിയെ ആയിരുന്നു. ഈജിപ്തിലെ അൽ അസ്ഹറിൽ പഠിച്ച മുഹ്‌യുദ്ദീൻ ആലുവായ് കഴിവുറ്റ പണ്ഡിതനായിരുന്നു. ദീർഘകാലം വിദേശത്തായിരുന്ന അദ്ദേഹം, ദൽഹി ഓൾ



കെ.പി.ഒ മൊയ്തീൻകുട്ടി

ഇന്ത്യാ റേഡിയോയിലും ജോലി ചെയ്തിട്ടുണ്ട്. ജമാഅത്തെ ഇസ്‌ലാമിയിൽ അംഗത്വമെടുത്തിരുന്നില്ലെങ്കിലും ജമാഅത്തിന്റെ കൂടെയായിരുന്നു അദ്ദേഹം എന്നും. ഈജിപ്തിലെ അൽ ഇഖ്‌വാനുൽ മുസ്‌ലിമൂനുമായി ഉറ്റബന്ധമാണ് അദ്ദേഹത്തിന് ഉണ്ടായിരുന്നത്. മകൻ ജമാഅത്ത് അംഗമാണ്.

ഞങ്ങൾ തമ്മിൽ നേരത്തെ തന്നെ നല്ല ബന്ധമുണ്ടായിരുന്നു. മുഹ്‌യുദ്ദീൻ ആലുവായ് അധ്യക്ഷനായതോടെ എനിക്കതിൽനിന്ന് ഒഴിഞ്ഞുമാറാനായില്ല. പലരും നിർബന്ധിക്കുകയും ചെയ്തു. യോഗം തുടങ്ങിയപ്പോൾ തന്നെ ഞാൻ പറഞ്ഞു: 'എന്റെ ഗുണങ്ങൾ എനിക്കറിയാം. അതൊന്നും നിങ്ങൾ പറയേണ്ടതില്ല. എന്നിൽ തെറ്റുകളും വീഴ്ചകളുമുണ്ടാകും. അതാണ് നിങ്ങളെനിക്ക് പറഞ്ഞു തരേണ്ടത്.' ഇതുപറഞ്ഞ് ഞാൻ ഇരുന്നു. 'മറ്റുള്ളവർക്ക് അനുകരിക്കാൻ വേണ്ടി വ്യക്തികളുടെ നല്ല കാര്യങ്ങൾ പറയാം' എന്ന് മുഹിയുദ്ദീൻ ആലുവായ് പറഞ്ഞു. പലരും സംസാരിച്ചു. ജമാഅത്തിന്റെ ഇപ്പോഴത്തെ സെക്രട്ടറി ടി.കെ ഹുസൈൻ സാഹിബ് അന്ന് *മലർവാടി* ബാലമാസികയുടെ ചുമതല വഹിച്ചുകൊണ്ട് എറണാകുളത്തുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: 'കെ.ടി അദ്ദേഹത്തിലുള്ള പോരായ്മകൾ പറയണം എന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. എനിക്കൊരു കാര്യം പറയാനുണ്ട്. കെ.ടിക്ക് പുകവലിക്കുന്ന സ്വഭാവമുണ്ട്. അത് നിർത്തണം.'

പിന്നീട് സംസാരിച്ചത് ഇ.കെ

**കുറച്ച് ഖാദിയാനികളേ ക്ലാസ് കേൾക്കാൻ വന്നിരുന്നുള്ളൂ. അതുകൊണ്ട് അന്ന് ഞാൻ അധികമൊന്നും പറഞ്ഞില്ല. അവരുടെ വാദങ്ങൾക്ക് മുമ്പിൽ കുറേയൊക്കെ തോറ്റുകൊടുക്കുകയും ചെയ്തു. അടുത്ത ആഴ്ച വീണ്ടും ക്ലാസ് വെച്ചു. മുമ്പത്തേതുപോലെയാകുമെന്ന് കരുതി നമ്മെ പരാജയപ്പെടുത്താമെന്ന പ്രതീക്ഷയോടെ ഖാദിയാനികൾ അവരുടെ അനുഭാവികളെ നമ്മുടെ ക്ലാസ്സിലേക്ക് ക്ഷണിച്ചുകൊണ്ടുവന്നു. അന്നത്തെ ക്ലാസ്സിൽ ഖാദിയാനിസത്തിന്റെ പൊള്ളത്തരങ്ങൾ തെളിവുകൾ നിരത്തി വിശദീകരിച്ചു. ചർച്ചയും നടന്നു. കടുംപിടുത്തക്കാരല്ലാത്ത പലർക്കും സത്യം മനസ്സിലാക്കാൻ അതുവഴി സാധിച്ചു.**

അബ്ദുൽഖാദിർ സാഹിബാണ്. 'കെ.ടിക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും എനിക്കൊരു കാര്യം പറയാനുണ്ട്. അഞ്ചു വർഷം തുടർച്ചയായി മദീനാ മസ്ജിദിൽ ഖുത്വ്ബ നടത്തിയിട്ടുണ്ട് കെ.ടി. ഏഴോ എട്ടോ ജുമുഅക്ക് മാത്രമാണ് അദ്ദേഹം ഇല്ലാതിരുന്നത്. ഞാൻ മിക്കവാറും ഖുത്വ്ബകൾ കേൾക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം ജമാഅത്തിന്റെ നേതൃസ്ഥാനത്തുള്ള ആളാണ്. പക്ഷേ, തന്റെ സംഘടനക്കുവേണ്ടി അദ്ദേഹം ഒരിക്കലും മദീനാ മസ്ജിദിന്റെ മിമ്പർ ഉപയോഗിച്ചിട്ടില്ല. ഒരു സംഘടനയെയും അദ്ദേഹം മിമ്പറിൽനിന്ന് വിമർശിച്ചിട്ടില്ല. വ്യക്തികളുടെയും സമൂഹത്തിന്റെയും ന്യൂനതകളും പോരായ്മകളും അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പക്ഷേ, ഒരു സംഘടനയുടെയും പേരു പറഞ്ഞോ, നേതാക്കളുടെയോ വ്യക്തികളുടെയോ പേരുപറഞ്ഞോ വിമർശിച്ചിട്ടില്ല. ഇത് മറ്റു ഖത്വീബുമാർക്കും പള്ളികൾക്കും ഒരു മാതൃകയാണ്.'

അദ്ദേഹം ഇത് പറയുമ്പോൾ സദസ്സിൽ മുജാഹിദ് പ്രസ്ഥാനത്തിന്റെ സംസ്ഥാന-ജില്ലാ നേതാക്കളും സുന്നികളായ ആളുകളും മറ്റും ഇരിക്കുന്നുണ്ടായിരുന്നു. പല പള്ളികളും സംഘടനാപരമായി ഉപയോഗിക്കപ്പെട്ടുകൊണ്ടിരിക്കുന്നത് അറിയാവുന്ന അബ്ദുൽഖാദിർ സാഹിബ് അവരൊക്കെ ഇരിക്കുന്നതുകൊണ്ട് ബോധപൂർവം തന്നെയാണത് പറഞ്ഞത്. ■

(തുടരും)

sadarvzkd@yahoo.co.in